# ‘ശബ്ദിക്കുന്ന കലപ്പ’യും മറ്റ് പ്രധാന കഥകളും

## പൊൻകുന്നം വർക്കി

“ഞാൻ സി.പി. രാമസ്വാമി അയ്യരുടെ ജയിലിൽ കിടക്കുകയാണ്. എനിക്കു സൂപ്രണ്ടിൽകൂടി നീണ്ട ഒരറിയിപ്പു കിട്ടി. കഥകളും നാടകങ്ങളും വഴി ഞാൻ ക്ലാസ്സ് വാറിനു ജനങ്ങളെ പ്രേരിപ്പിക്കുന്നു. അതുകൊണ്ടാണ് തടങ്കലിൽ വച്ചിരിക്കുന്നത്. മാപ്പു ചോദിച്ചാൽ ഗവൺമെന്റ് അതേപ്പറ്റി പരിഗണിക്കുന്നതായിരിക്കും. ഇതായിരുന്നു അറിയിപ്പ്. അതിനു കുറേ മുമ്പ് ചീഫ് സെക്രട്ടറിയും എനിക്ക് ഒരു അറിയിപ്പ് തന്നിട്ടുണ്ടായിരുന്നു. ഞാൻ അന്ന് ഒരദ്ധ്യാപകനായിരുന്നു. ഞാൻ യംഗർ ജനറേഷനെ സോഷ്യലിസത്തിലേക്കു നയിക്കുന്നതിനാൽ പിരിച്ചുവിട്ടു ശിക്ഷിക്കാതിരിക്കാൻ ഇരുപത്തിനാലു മണിക്കൂറിനകം സമാധാനം കൊടുത്തുകൊള്ളണമെന്ന്. ശരി. കഥയെഴുതിയതുകൊണ്ടാണല്ലോ. ഞാൻ സഹിച്ചുകൊള്ളാം. ഇതായിരുന്നു എന്റെ സമാധാനം. ഇത്തരം അനുഭവങ്ങൾ എന്നെ ഒരു നിഗമനത്തിലേക്കു കൊണ്ടുചെന്നു. എന്റെ കഥകൾ കൊള്ളുന്നുണ്ട് എന്ന്; ജനങ്ങളുടേതല്ലാത്ത ഗവൺമെന്റും മുതലാളിത്തവും പൗരോഹിത്യവും കൈകോർത്തുപിടിച്ചു നിന്ന്, തകരേണ്ട വ്യവസ്ഥിതിയെ രക്ഷിക്കാൻ ശ്രമിക്കുന്നു എന്ന്, ദുർബ്ബലങ്ങളായിരിക്കാമെങ്കിലും അതിനെതിരായിട്ടുള്ള അടികളാണ് കഥകൾ വഴി ഞാൻ സാധിച്ചുകൊണ്ടിരിക്കുന്നതെന്നും എന്റെ കഥകളുടെ അനുഭൂതിവിശേഷങ്ങളാണ് ഇത്തരം അനുഭവങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതെന്നും എനിക്കു വിശ്വാസം വന്നു. ഞാനും ഒരു കഥാകാരനാണെന്ന് എനിക്ക് ആത്മവിശ്വാസം നല്കിയത് ഇത്തരം അനുഭവങ്ങളാണ്.”


ഡി സി ബുക്സ്
www.dcbooks.com
ചെറുകഥ
കവർ ഡിസൈൻ:
ഡിസൈൻ ഡിഫറൻസ്
ISBN 81-264-0559-7
00010
9 788126 405590
₹ 130
E-book Available


‘ശബ്ദിക്കുന്ന കലപ്പ’യും മറ്റ് പ്രധാന കഥകളും • പൊൻകുന്നം വർക്കി

ഡി സി ബുക്സ്

10-ാം പതിപ്പ്



# പൊൻകുന്നം വർക്കി

# ‘ശബ്ദിക്കുന്ന കലപ്പ’യും മറ്റ് പ്രധാന കഥകളും

DCB

## പൊൻകുന്നം വർക്കി
## (1910-2004)

1910 ജൂൺ 30 ന് എടത്വായിൽ ജനിച്ചു. അച്ഛൻ കട്ടപ്പുറത്തു വർക്കി, അമ്മ അന്നമ്മ. മലയാള സാഹിത്യത്തിൽ വിദ്വാൻപരീക്ഷയും ഹയറും ജയിച്ച് കുറെക്കാലം അദ്ധ്യാപകനായി വിവിധ സ്കൂളുകളിൽ ജോലിനോക്കി. എഴുത്തിന്റെയും രാഷ്ട്രീയപ്രവർത്തനത്തിന്റെയും പേരിൽ ജയിൽവാസമനുഷ്ഠിച്ചു. കേരള സാഹിത്യ അക്കാദമി, എസ്. പി. സി. എസ്സ് എന്നിവയുടെ പ്രസിഡന്റായിരുന്നു. 23 ചെറുകഥാസമാഹാരങ്ങളും 19 നാടകങ്ങളും അടക്കം അമ്പതോളം കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1989-ൽ കേരള സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം, എഴുത്തച്ഛൻ പുരസ്കാരം തുടങ്ങി നിരവധി അവാർഡുകൾ നേടി. 2004 ജൂലൈ 2-ന് അന്തരിച്ചു.

### പൊൻകുന്നം വർക്കിയുടെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*ചെറുകഥ:* മോഡൽ, വിട്ടുപോയ ഒരു കാര്യം, 'ശബ്ദിക്കുന്ന കലപ്പ'യും മറ്റ് പ്രധാന കഥകളും, *ഗദ്യകവിത:* തിരുമുൽക്കാഴ്ച, *ആത്മകഥ:* എന്റെ വഴിത്തിരിവ്

പൊൻകുന്നം വർക്കിയുടെ
കൃതികളെക്കുറിച്ചറിയാൻ
ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

# 'ശബ്ദിക്കുന്ന കലപ്പ'യും മറ്റ് പ്രധാന കഥകളും


## പൊൻകുന്നം വർക്കി

എഡിറ്റർ
ഡോ. കെ.എസ്. രവികുമാർ



ഡി സി ബുക്സ്

**D C Books**
DC Kizhakemuri Edam
Good Shepherd Street
KERALA, INDIA-686 001

MALAYALAM LANGUAGE
'Sabdikkunna Kalappa'yum Mattu Pradhāna Kathakalum

STORY
*by* Ponkunnam Varkey

Rights Reserved

First DCB edition January 2003
This edition – September 2024

P-ISBN: 81-264-0559-7

Distributors : D C Books-Current Books, INDIA

Printed in India: Manipal Technologies Limited, Manipal.

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Varkey, Ponkunnam.
Sabdikkunna Kalappayum Mattu Pradhāna Kathakalum/Ponkunnam Varkey.
100 p., 21 cm.
ISBN 81-264-0559-7.
1. Malayalam story. I. Title.
894.812 301–dc 22

*This is a work of fiction. The names, characters, places, incidents are all subject to author's imagination and used fictitiously. Any resemblance to actual events, places or persons, living or dead is purely coincidental.*

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

: www.dcbooks.com : www.dcbookstore.com
: ebooks.dcbooks.com : customercare@dcbooks.com : 7290092216

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

919/24-25-Sl.No. 27179-dcb-2596-(10)-400(LE)-4226-09-24-T6-e na-d(t) ga

മലയാള കഥാസാഹിത്യത്തിന്റെ നവോത്ഥാന കാലഘട്ടത്തിൽ കഥയുടെ പരിവർത്തനത്തെ രൂപപ്പെടുത്തുകയും കഥാഗതിയെയും കാലത്തെയും വെല്ലുവിളിച്ചുകൊണ്ട് അക്ഷരഗോപുരങ്ങളായി നിലകൊള്ളുകയും ചെയ്യുന്ന എഴുത്തുകാരിൽ പ്രധാനികളായ പത്തുപേരുടെ കഥകളാണ് 'നവോത്ഥാനകഥാപരമ്പര'യിൽ 2003ൽ പ്രസിദ്ധീകരിച്ചത്.

കാരൂർ, ദേവ്, ബഷീർ, അന്തർജ്ജനം, പൊൻകുന്നം വർക്കി, കെ. സരസ്വതിയമ്മ, തകഴി, പൊറ്റെക്കാട്ട്, ഉറൂബ്, ടി.കെ.സി. വടുതല തുടങ്ങിയ പ്രമുഖ കഥാകൃത്തുക്കൾ ഒരു പൊതുഭാവുകത്വം പങ്കുവയ്ക്കുകയും സ്വന്തം കഥാലോകങ്ങൾ സൃഷ്ടിക്കുകയും ചെയ്തവരാണ്. ഈ രാജശില്പികളുടെ ചെറുകഥകൾ പുതിയ തലമുറയിലെ കഥാതത്പരർക്കായി ഡി സി ബുക്സ് അവതരിപ്പിക്കുകയാണ്.

മർദ്ദിതന്റെയും അധഃസ്ഥിതന്റെയും യാതന നിറഞ്ഞ ജീവിതത്തെക്കുറിച്ച് എഴുതിയ കഥകളിലൂടെ ആദർശോന്മുഖമായ മനുഷ്യസങ്കല്പത്തെ ഉയർത്തിക്കാട്ടുന്നവയാണ് പൊൻകുന്നം വർക്കിയുടെ കഥകൾ. നവോത്ഥാനകാല കഥാശില്പികളിൽ പ്രമുഖ സ്ഥാനം അലങ്കരിക്കുന്ന പൊൻകുന്നം വർക്കിയുടെ ഏറ്റവും മികച്ച കഥകളിൽനിന്നു തിരഞ്ഞെടുത്ത ഏതാനും കഥകളുടെ സമാഹാരമാണിത്.

# പൊൻകുന്നം വർക്കി
(1910–2004)

1910 ജൂലൈ ഒന്നിന് കുട്ടനാട്ടിലെ എടത്വായിൽ ജനിച്ചു. അച്ഛൻ: കട്ടപ്പുറത്തു വർക്കി. അമ്മ: അന്നമ്മ. 1917-ൽ താമസം പൊൻകുന്നത്തേക്കു മാറ്റി. മലയാളം വിദ്വാനും ഹയറും ജയിച്ച് അദ്ധ്യാപകനായി. ആദ്യം മാനേജ്മെന്റ് സ്കൂളുകളിൽ. കത്തോലിക്കാസഭയെ വിമർശിച്ചതിന്റെ പേരിൽ അവിടെനിന്നും പരിഞ്ഞു. പിന്നീട് സർക്കാർ സ്കൂൾ അദ്ധ്യാപകനായി. ദിവാൻ സി.പി. രാമസ്വാമി അയ്യരുടെ സ്വേച്ഛാഭരണത്തെ വിമർശിച്ചെഴുതിയതിനെത്തുടർന്ന് ആ ജോലി നഷ്ടപ്പെടുകയും ജയിൽവാസം അനുഭവിക്കുകയും ചെയ്തു.

സ്റ്റേറ്റ് കോൺഗ്രസ്സുമായും പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിയുമായും അടുത്തബന്ധം പുലർത്തിയിരുന്നു. പുരോഗമന സാഹിത്യ സംഘടനയുടെ സെക്രട്ടറിയായി പ്രവർത്തിച്ചു. 1945-ൽ ഡി സി കിഴക്കെമുറി, കെ.ജെ. തോമസ്, കെ.സി. വർക്കി എന്നിവരുമായിച്ചേർന്ന് നാഷണൽ ബുക്സ്റ്റാൾ ആരംഭിച്ചു. 1949-ൽ അത് സാഹിത്യ പ്രവർത്തക സഹകരണസംഘത്തിൽ ലയിപ്പിച്ചു. പില്ക്കാലത്ത് സംഘത്തിന്റെ പ്രസിഡന്റായി പ്രവർത്തിച്ചു. കേരള സാഹിത്യ അക്കാദമിയുടെ പ്രസിഡന്റായും സേവനം അനുഷ്ഠിച്ചു.

1939-ൽ പ്രസിദ്ധപ്പെടുത്തിയ 'തിരുമുൽക്കാഴ്ച' എന്ന ഗദ്യകവിതാസമാഹാരമാണ് ആദ്യ കൃതി. അതിന് മദിരാശി സർവകലാശാലയുടെ സമ്മാനം ലഭിച്ചു. സ്വാതന്ത്ര്യസമരസേനാനിയ്ക്കുള്ള താമ്രപത്രം ലഭിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമിയുടെ ഫെല്ലോഷിപ്പ്, വള്ളത്തോൾ പുരസ്കാരം, ലളിതാംബിക അന്തർജ്ജനം അവാർഡ്, കേരള സർക്കാരിന്റെ എഴുത്തച്ഛൻ പുരസ്കാരം തുടങ്ങിയവ ലഭിച്ചിട്ടുണ്ട്.

പ്രൊഫഷണൽ നാടകരംഗത്തും ചലച്ചിത്രരംഗത്തും പ്രവർത്തിച്ചിട്ടുണ്ട്. 2004 ജൂലൈ 2-ന് അന്തരിച്ചു.

പൊൻകുന്നം വർക്കിയുടെ കൈപ്പട



## ആമുഖം

കേരളീയ സമൂഹം കഴിഞ്ഞ നൂറ്റാണ്ടിൽ സാക്ഷാത്കരിച്ച നവോത്ഥാന മൂല്യങ്ങളുടെ ആൾരൂപമാണ് പൊൻകുന്നം വർക്കി. ചരിത്രത്തിന്റെ ക്ഷുഭിതചലനങ്ങളിലൂടെ ധീരമായി നടന്നുമുന്നേറുകയും അതിന്റെ വാച്യവും പ്രകടവുമായ ആഖ്യാനം ചെറുകഥകളിലൂടെ നിർവഹിക്കുകയും ചെയ്തു അദ്ദേഹം. ചരിത്രാവേഗങ്ങളുടെ സാക്ഷി മാത്രമായിരുന്നില്ല ചാലകനുമായിരുന്നു വർക്കി. അനുഭവത്തെ ചരിത്രവത്കരിക്കുന്നതിനെക്കാൾ ചരിത്രത്തിന്റെ അനുഭവതലത്തെ ആവിഷ്കരിക്കുന്നവയായിരുന്നു അദ്ദേഹത്തിന്റെ ചെറുകഥകൾ.

ഇരുപതാം നൂറ്റാണ്ടിന്റെ മൂന്നും നാലും ദശകങ്ങളിൽ കേരളീയജീവിതത്തെ ത്വരിപ്പിച്ചുണർത്തിയ നവോത്ഥാനത്തിന്റെ ആശയങ്ങളും പ്രയോഗരൂപങ്ങളും നിറഞ്ഞ അന്തരീക്ഷമായിരുന്നു പൊൻകുന്നം വർക്കിയുടെ കഥകളുടെ ഊർജസ്രോതസ്സ്. തന്റെ പ്രമേയങ്ങളുടെ ആവിഷ്കാരത്തിനുള്ള ഉപാധിയെന്ന നിലയിൽ അദ്ദേഹം പ്രത്യക്ഷവത്കരിച്ച ജീവിതമേഖല മധ്യതിരുവിതാംകൂറിന്റെ കിഴക്കൻ പ്രദേശത്തെ കാർഷികസമൂഹമാണ്. നാമമാത്രകർഷകർക്കും അടിയാളന്മാരായ കൃഷിപ്പണിക്കാർക്കും പ്രാമുഖ്യമുള്ള ജനതയായിരുന്നു അത്. കത്തോലിക്കാസഭയിലെ സാമ്പത്തിക പിന്നോക്കാവസ്ഥയിൽ പെട്ടവർ എന്നൊരു വർഗ്ഗീകരണം കൂടിയാകുമ്പോൾ അവരുടെ സാമുഹികസ്വഭാവം കുറച്ചുകൂടി തെളിഞ്ഞുവരും. വർഗ്ഗപരവും പ്രാദേശികവും സാമൂദായികവുമായ ഈ ആവരണത്തിനുള്ളിൽ പീഡിതമായ മനുഷ്യചേതനയെയാണ് അദ്ദേഹം അവതരിപ്പിച്ചത്.

സഭയും പുരോഹിതരും ക്രിസ്തുവിന്റെ നാമത്തിൽ സംസാരിച്ചുകൊണ്ട് ദരിദ്രരോടും അധഃസ്ഥിതരോടും പുലർത്തുന്ന വിവേചനവും മനുഷ്യപ്പറ്റില്ലായ്മയും കപടസദാചാരവും ചെറുകഥകളിൽ പൊൻകുന്നം വർക്കി തുറന്നാവിഷ്കരിച്ചു. സ്വാഭാവികമായും അത് സമുദായത്തിൽ വലിയ വിസ്ഫോടനങ്ങൾ സൃഷ്ടിച്ചു. ക്രമേണ അദ്ദേഹത്തിന്റെ കഥകൾ കുറെക്കൂടി വിശാലമായ പ്രമേയമേഖലകളിലേക്കു കടന്ന് വിമർശനാത്മകതയ്ക്കും മൂർച്ചകൂട്ടി. സമൂഹത്തിന്റെ കപടമായ സദാചാരനാട്യവും നാടിന്റെ അസ്വതന്ത്രമായ രാഷ്ട്രീയാവസ്ഥയും പ്രമേയമായി. തിരുവിതാംകൂറിലെ ദിവാൻ സി.പി. രാമസ്വാമി അയ്യരുടെ സ്വേച്ഛാഭരണത്തെ അന്യാപദേശരചനകളിലൂടെ നിശിതപരിഹാസത്തിനും തീക്ഷ്ണ വിമർശനത്തിനും വിധേയമാക്കി. അത്തരം രചനകളുടെ പേരിൽ അദ്ദേഹത്തിന് ജയിൽവാസം അനുഭവിക്കേണ്ടിയും വന്നു.

പ്രതീക്ഷിച്ചതിനു വിപരീതമായി സ്വാതന്ത്ര്യാനന്തര ഘട്ടത്തിലും മർദ്ദിതന്റെയും അധഃസ്ഥിതന്റെയും യാതനയ്ക്കും ദുഃഖത്തിനും കുറവുണ്ടായില്ല. ഈ വൈപരീത്യവും വർക്കിയുടം കഥകൾക്കു വിഷയമായി. എങ്കിലും ക്രമേണ ആക്രമണോത്സുകമായ വാച്യസ്വഭാവം  പുലർത്തിയ ആനുകാലിക യാഥാർത്ഥ്യസ്പർശിയായ ചെറുകഥകളെക്കാൾ ചിരന്തനമായ മാനുഷിക ഭാവങ്ങളാവിഷ്കരിക്കുന്ന രചനകളിലേക്ക് അദ്ദേഹം ചുവടുവെച്ചു. സ്നേഹമെന്ന ഉദാരമൂല്യമാണ്, അതിന്റെ പേരിലുണ്ടാകുന്ന ത്യാഗവും വേദനയുമാണ് ആ ഗണത്തിൽപ്പെട്ട കഥകളിലെ കേന്ദ്രഭാവം.

സമൂഹത്തിന്റെ താഴേത്തട്ടിലുള്ള മനുഷ്യരുടെ പ്രതിനിധികളാണ് പൊൻകുന്നം വർക്കിയുടെ കഥാപാത്രങ്ങൾ. എന്നാൽ ആ ജീവിതാവസ്ഥയിൽ കഴിയുന്നവരിൽ പൊതുവേ കണ്ടുവരാത്ത ആത്മബോധവും സ്വാതന്ത്ര്യവാഞ്ഛയും പ്രതികരണക്ഷമതയും അവരിൽ കാണാം. തങ്ങളെ പീഡിപ്പിക്കുന്ന പൗരോഹിത്യത്തോടും ഭരണകൂടോപകരണങ്ങളോടും സദാചാരവ്യവസ്ഥയോടും ഏറ്റുമുട്ടാനുള്ള വീറ് അവരിലുണ്ട്. അത്തരം ഏറ്റുമുട്ടലുകൾ പരാജയമടയുന്നുവെങ്കിലും അതിലൂടെ ദുരന്തസ്പർശിയും ആദർശോന്മുഖവുമായ മനുഷ്യസങ്കല്പം അഭിവ്യക്തമാകുന്നു. അതിനെ പ്രചോദിപ്പിക്കുന്ന സവിശേഷമായ പ്രത്യയശാസ്ത്രനിലപാട് വർക്കിയുടെ കഥകളിൽ അടിയാധാരമായുണ്ട്.

പൊൻകുന്നം വർക്കിയുടെ ചെറുകഥകൾ ആ സാഹിത്യരൂപത്തെക്കുറിച്ചുള്ള കാല്പനികധാരണകളോട് ഇടറി നില്ക്കുന്നവയാണ്. ഒരു കാലഘട്ടത്തിന്റെ സാമുദായികവും രാഷ്ട്രീയവുമായ വിമർശനരേഖകൾ കൂടിയായ അവയിൽ വിശദമായ വിവരണങ്ങളും വസ്തുനിഷ്ഠമായ ചരിത്രാംശങ്ങളും ആഖ്യാനത്തിനിടയിലെ വ്യാഖ്യാനവും ചെറുകഥയുടെ കാല്പനികവും ഏകാഗ്രവുമായ ശില്പഘടനയിൽ ശൈഥില്യമുണ്ടാക്കുന്ന ഘടകങ്ങൾ പലതും സന്നിഹിതമാണ്. ആ ചെറുകഥകൾ എഴുതപ്പെട്ട കാലത്ത് ഇവയൊക്കെ കാലാത്മകതയ്ക്ക് വിഘാതമായി കരുതിയിരുന്നു. എന്നാൽ ഇന്ന് ആ കഥകളുടെ വ്യക്തിത്വത്തിന് നിദാനം ആ ഘടകങ്ങൾ തന്നെയായിരിക്കുന്നു. ആദ്യകാലത്തെ കഥകളിൽ തെളിയുന്ന, പ്രകൃതിയിലെ എല്ലാറ്റിന്റെയും അവകാശിയായ മനുഷ്യൻ എന്ന സങ്കല്പത്തിൽനിന്ന് മാറി ഇതരസൃഷ്ടികളുമായി സാഹോദര്യം പുലർത്തുന്ന മനുഷ്യൻ എന്ന സങ്കല്പത്തിലേക്ക് വർക്കിയുടെ പില്ക്കാല കഥകൾ എത്തുന്നു. ഇന്ന് ഇത്തരം ഘടകങ്ങളെല്ലാം പൊൻകുന്നം വർക്കിയുടെ ചെറുകഥകൾക്ക് പുതിയ പാരായണസാധ്യതകൾ  നല്കുന്നുണ്ട്.

**ഡോ. കെ.എസ്. രവികുമാർ**

## ഉള്ളടക്കം


| | |
|---|---|
| ശബ്ദിക്കുന്ന കലപ്പ | 13 |
| മോഡൽ | 23 |
| കടയുടെ താക്കോൽ | 28 |
| ചാത്തന്റെ മകൾ | 42 |
| മന്ത്രിക്കെട്ട് | 50 |
| അന്തോനീ, നീയുമച്ചനായോടാ? | 56 |
| രണ്ടു ചിത്രം | 65 |
| കറുപ്പും വെളുപ്പും | 76 |
| വിത്തുകാള | 87 |
| ആ വാഴവെട്ട് | 94 |